**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3501** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനം മൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൊടിയ വരൾച്ചയും അതിതീവ്ര മഴയും സംസ്ഥാനത്തുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനവും മൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൃഷിയും വിളവെടുപ്പും കാലാവസ്ഥയ്ക്കനുസൃതമായി ക്രമീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിന് പ്രത്യേക പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കാലാവസ്ഥാ വ്യതിയാനം, പകർച്ച വ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖലാ നവീകരണ (Kerala Climate Resilient Agri Value Chain Modernization Project - KERA) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ വിശദമായ പഠനം ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ലഭ്യമാകുന്നുണ്ട്. പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയിലെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള 27 വിളകൾക്ക് കാലാവസ്ഥ വ്യതിയാനങ്ങളായ താപനില, മഴയുടെ അളവ്, കാറ്റിന്റെ വേഗത, രോഗകീട ആക്രമണ സാധ്യത, വരണ്ട കാലാവസ്ഥ, ആപേക്ഷിക ആർദ്രത എന്നിവ കൊണ്ടുണ്ടാകുന്ന വിളനഷ്ടത്തിനു ഒരു പരിഹാരമെന്നോണം കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഓരോ വിളകൾക്കും അംഗീകരിച്ചിട്ടുള്ള ടേം ഷീറ്റിൽ പരാമർശിച്ചിട്ടുള്ള കാലാവസ്ഥ ഘടകത്തിന് അനുസൃതമായി ഇൻഷ്വർ ചെയ്ത വിളയ്ക്ക് നഷ്ടപരിഹാരം കർഷകർക്ക് ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | പ്രാദേശിക പ്രകൃതിക്ഷോഭങ്ങളായ വെള്ളപ്പൊക്കം, ആലിപ്പഴമഴ, ഇടിമിന്നൽ മൂലം ഉണ്ടാകുന്ന തീപിടുത്തം, മേഘവിസ്ഫോടനം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് ഇൻഷുറൻസ് തുകയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു നഷ്ടപരിഹാരം നൽകുന്നു. കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്നത് ഏജൻസിയായ അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ ആണ്. ലോൺ എടുത്തിട്ടുള്ള കർഷകരെ ബാങ്ക് മുഖേന പദ്ധതിയിൽ അംഗങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മറ്റ് കർഷകരെ അംഗങ്ങളാക്കുന്നതിനായി അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ ഫീൽഡ് കോർഡിനേറ്റേർസ് വഴി നടപടി സ്വീകരിച്ചു വരുന്നു. കേരളത്തിൽ ഖാരിഫ് (വിരിപ്പ്), റാബി (മുണ്ടകൻ), റാബി (പുഞ്ച) എന്നിങ്ങനെ മൂന്ന് സീസണുകളിൽ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന കട്ട് ഓഫ് ഡേറ്റിനുള്ളിൽ പ്രീമിയം ഒടുക്കി കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്നും പ്രീമിയം തുക ഇനത്തിൽ 24776.43 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഖാരിഫ് 2023 സീസൺ വരെയുള്ള കർഷകരുടെ ക്ലെയിം കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കാലാവസ്ഥ വ്യതിയാനംമൂലം കൃഷി നശിച്ച എല്ലാ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉഷ്ണതരംഗം മൂലം മലയോര മേഖലയിൽ ഉണ്ടായ കൃഷിനാശം സംബന്ധിച്ച് പഠനം നടത്തി നഷ്ടം വിലയിരുത്തി പ്രത്യേക പാക്കേജ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു തുകയും അനുവദിച്ചില്ല. തുടർന്ന് മുഖ്യമന്ത്രിയുടെ ദുരന്ത പ്രതികരണ നിധിയിൽനിന്നും 10 കോടി രൂപ ഏലം കർഷകർക്കായി അനുവദിച്ചു. കൂടാതെ കാലാവസ്ഥാ വ്യതിയാനം മൂലം വിളകൾ പൂർണ്ണമായി നശിച്ചില്ലെങ്കിൽ കൂടി ഉല്പാദനത്തിൽ ഉണ്ടായേക്കാവുന്ന കുറവിനെ അടിസ്ഥാനമാക്കി വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം അനുവദിക്കുന്നതിന് കേന്ദ്ര സംസ്ഥാന സഹായത്തോടെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 വിളകളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഏലം കൃഷിക്കുണ്ടായ നാശനഷ്ടം കണക്കിലെടുത്ത് ഏലം കൃഷി ഇൻഷ്വർ ചെയ്യുന്നതിനുള്ള കുറഞ്ഞ സ്ഥലപരിധി ഒരു ഹെക്ടറിൽ നിന്നും ഒരു ഏക്കറായി കുറച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനംമൂലം കൃഷി നശിച്ച കർഷകർക്ക് പ്രധാനപ്പെട്ട 27 വിളകൾക്ക് സംസ്ഥാന |

| | | | |
|---|---|---|---|
| | | | വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി എന്നിവയിലൂടെ നിശ്ചയിക്കപ്പെട്ട തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നു. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പദ്ധതിയിൽ ഉൾപ്പെടുത്തിയും നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ